പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 321 09.03.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയ്ക്ക് ഇന്ധന സബ്സിഡി

ചോദ്യം

ശ്രീ. റ്റി.എ. അഹമ്മദ് കബീർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയ്ക്ക് രാജ്യത്തെ എണ്ണകമ്പനികൾ സബ് സിഡി നിരക്കിൽ ഇന്ധനം നൽകുന്നത് പുനഃരാരംഭിച്ചിട്ടു ണ്ടോ; എങ്കിൽ എന്നു മുതൽ; | (എ) | ഇല്ല. |
| (ബി) | അന്നു മുതൽ ഈ ഇനത്തിൽ എന്ത് തുക കെ.എസ്.ആർ.ടി.സി. യ്ക്ക് ലാഭിക്കാനായിട്ടുണ്ട്; വാങ്ങിയ ഇന്ധന അടിസ്ഥാന ത്തിൽ പട്ടിക തിരിച്ച് കണക്ക് നൽകുമോ? | (ബി) | 18.01.2013 മുതൽ കെ.എസ്.ആർ.ടി.സി.യെ കേന്ദ്ര സർക്കാർ ബൾക്ക് പർച്ചേസർ പട്ടികയിൽപ്പെടുത്തി ഇന്ധന വിലയിലെ സബ്സിഡി എടുത്തുകളഞ്ഞതു മൂലം ഇന്ധനവിലയിൽ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായി. ഇന്ധനവില വർദ്ധനവി നെതിരെ കെ.എസ്.ആർ.ടി.സി ബഹുമാന പ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടി സ്ഥാനത്തിൽ ഹൈക്കോടതി ഇത്തരവ് മുഖേന സബ്സിഡിയോടുകൂടി ഡീസൽ ലഭിച്ചു വരികയായിരുന്നു. എന്നാൽ 16.09.2013-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഹൈക്കോടതി വിധി സ്റ്റേ ചെയ്തതി നെ തുടർന്ന് മറ്റു മാർഗങ്ങളില്ലാത്തതിനാൽ കോർപ്പറേഷൻ സപ്ലൈക്കോ/സ്വകാര്യ പമ്പു കളിൽ നിന്നും ഡീസൽ നിറച്ചുവരികയായി രുന്നു. എന്നാൽ ഈ വിലയും പടിപടിയായി ഉയർന്ന് സബ്സിഡി ഇല്ലാത്ത ബൾക്ക് കൺസ്യൂമർക്ക് ലഭിക്കുന്ന നിരക്കിനെക്കാളും ഡീസൽ വില കൂടിയതിനെ തുടർന്ന് |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി ബൾക്ക് കൺസ്യൂമർ എന്ന നിലയിൽ ഡീസൽ ഓയിൽ കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങി ഉപയോഗിക്കുകയാണ്. നിലവിൽ ഡീസൽ ലിറ്ററിന് 54.23 രൂപയ്ക്കാണ് ലഭിക്കുന്നത്.<br>ഹൈക്കോടതി ഉത്തരവ് മുഖേന സബ്സിഡി ലഭ്യമായ കാലയളവിൽ ഈ ഇനത്തിൽ ലാഭിക്കാനായ 62 കോടി രൂപ എന്ന് ഇൻസ്റ്റാൾമെന്റ് അടിസ്ഥാനത്തിൽ തിരിച്ചടക്കുവാൻ കഴിയുമെന്ന്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ ബഹു. സുപ്രീം കോടതി ആരാഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത തുക ലാഭമായി കണക്കിലാക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ